(ബി) കെട്ടിടനിർമ്മാണത്തിനുള്ള പ്രാരംഭ ജോലികൾ ഏതുവരെയായെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്നും വെളിപ്പെടുത്തുമോ;

(സി) കെട്ടിട നിർമ്മാണത്തെ സംബന്ധിച്ച് ഏതെല്ലാം ഉത്തരവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുട്ടിക്കാനം ഐ. എച്ച്. ആർ. ഡി. സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിന് 2004-05 വർഷത്തെ ഐ. എച്ച്. ആർ. ഡി.-യുടെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്ന കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ കെട്ടിടത്തിന്റെ ഡ്രോയിംഗ് സമർപ്പിച്ചു കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ, എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കുട്ടിക്കാനം ഐ. എച്ച്. ആർ. ഡി. സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണം, കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

യു. ജി. സി. റഗുലേഷന് വിപരീതമായി യു. ജി. സി. യോഗ്യത ഒഴിവാക്കിയ തീരുമാനം

108 [2998] ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-ൽ യു. ജി. സി. സ്കീം കേരള സർവ്വകലാശാല ലൈബ്രറി ജീവനക്കാർക്ക് 1-1-1986 മുതൽ നടപ്പിലാക്കിയപ്പോൾ ഏത് തസ്തികകളിൽപ്പെട്ട ലൈബ്രറി ജീവനക്കാർക്കാണ് നിശ്ചിത യോഗ്യത ബാധകമാക്കാതെ ഇളവ് നൽകിയ യു. ജി. സി. ശമ്പളം നൽകിയത്; ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഓർഡിനൻസിൽ യോഗ്യത ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) കേരള സർവ്വകലാശാലയിലെ 23-5-2005 വരെ ജോലിയുള്ള എല്ലാ നോൺ യു. ജി. സി. ലൈബ്രറി ജീവനക്കാർക്കും യു. ജി. സി. നിശ്ചയിച്ച യോഗ്യത ബാധകമാക്കേണ്ടതില്ല എന്ന് സർവ്വകലാശാല തീരുമാനിക്കുകയുണ്ടായോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1991-ലെയും 2000-ലെയും യു. ജി. സി. റഗുലേഷൻ പ്രകാരം യു. ജി. സി. യോഗ്യതയിൽ ഇളവ് വരുത്താനുള്ള അധികാരം ആരിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നും സർവ്വകലാശാലയ്ക്കോ സർക്കാരിനോ ഇത്തരത്തിലുള്ള തീരുമാനം കൈക്കൊള്ളുവാൻ അധികാരമുണ്ടോയെന്നും വിശദമാക്കാമോ;

(ഡി) ഈ തീരുമാന പ്രകാരം സർക്കാരിനും കേരള സർവ്വകലാശാലയ്ക്കും പെൻഷൻ ബാധ്യത ഉൾപ്പെടെ ഈ ഇനത്തിൽ പ്രതിവർഷം ശരാശരി എത്ര അധിക സാമ്പത്തിക ബാധ്യത വരുമെന്ന് വിശദമാക്കാമോ;

(ഇ) മേൽ വസ്തുതകൾ കണക്കിലെടുത്ത് യു. ജി. സി. യോഗ്യതയിൽ ഇളവ് നൽകാതെ യു. ജി. സി.-യുടെ മാനദണ്ഡങ്ങൾക്കനുസൃതമായി കേരള സർവ്വകലാശാല ഓർഡിനൻസിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) യു. ജി. സി. നെറ്റ് പരീക്ഷാകേന്ദ്രമായ കേരള സർവ്വകലാശാല പരീക്ഷാകേന്ദ്രത്തിൽ ലൈബ്രറി സയൻസ് വിഷയത്തിൽ 1990 മുതൽ നാളിതുവരെ എത്ര യു. ജി. സി. നെറ്റ് പരീക്ഷ നടത്തുകയുണ്ടായി; കേരള സർവ്വകലാശാലയിലെ എത്ര ലൈബ്രറി ജീവനക്കാർ ലൈബ്രറി സയൻസ് വിഷയത്തിൽ നെറ്റ് യോഗ്യത നേടിയിട്ടുണ്ട്; ഇവരുടെ പേരു വിവരം വിശദമാക്കാമോ; ഇവർക്ക് യു. ജി. സി. സ്കെയിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) യു. ജി. സി. സ്കീം കേരള സർവ്വകലാശാലയിലെ നിശ്ചിത യോഗ്യതയുള്ള ലൈബ്രറി ജീവനക്കാർക്ക് 7-12-1990 മുതൽ നടപ്പിലാക്കി. യൂണിവേഴ്സിറ്റി ഓർഡിനൻസ് അനുശാസിക്കുന്ന നിശ്ചിത യോഗ്യതയുള്ളതും 31-3-1990-നോ അതിന് മുമ്പോ സർവ്വീസിലുള്ളതുമായ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II ജീവനക്കാർക്കാണ് യു. ജി. സി. നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യത ബാധകമാക്കാതെ ഇളവ് നൽകി യു. ജി. സി. ശമ്പളം നൽകിയത്. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഓർഡിനൻസിൽ ഭേദഗതി വരുത്തിയിട്ടില്ല. ഭേദഗതി വരുത്തുവാനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

(ബി) ഇല്ല. കേരള സർവ്വകലാശാലയിലെ എല്ലാ നോൺ യു. ജി. സി. ലൈബ്രറി ജീവനക്കാർക്കും യു. ജി. സി. സ്കീം നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ സിൻഡിക്കേറ്റ് സെനറ്റ് പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

(സി) കേരള യൂണിവേഴ്സിറ്റി മറിച്ച് അഭിപ്രായപ്പെടുന്നുണ്ടെങ്കിലും യു. ജി. സി. റഗുലേഷനിൽ 3/2000-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് നിർദ്ദിഷ്ട യോഗ്യതയിൽ ഇളവു വരുത്തുന്നതിനുള്ള അധികാരം യു. ജി. സി.-ക്കു മാത്രമമ ഉള്ളു.

(ഡി) കേരള യൂണിവേഴ്സിറ്റിയിലെ 37 അസിസ്റ്റന്റ് ലൈബ്രേറിയൻമാർക്ക് യു. ജി. സി. സ്കെയിൽ അനുവദിക്കുന്ന വകയിൽ യൂണിവേഴ്സിറ്റിക്ക് 7,22,347 രൂപ (മറ്റ് അലവൻസുകൾ കൂടാതെ) അധിക ബാധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly